# പതിനാലാം കേരള നിയമസഭ

## ഒൻപതാം സമ്മേളനം

### നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.420

### 24-01-2018 ൽ മറുപടിക്ക്

### കിഫ്ബി

| ചോദ്യം<br>ശ്രീ. കെ. മുരളീധരൻ<br>ശ്രീ.സണ്ണി ജോസഫ്<br>ശ്രീ.തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>ശ്രീ.അൻവർ സാദത്ത് | മറുപടി<br>ശ്രീ. റ്റി.എം. തോമസ് ഐസക് (ധനകാര്യവും കയറും വകുപ്പ് മന്ത്രി) |
|---|---|
| (എ) കിഫ്ബിയിൽ പുതിയ പദ്ധതികളൊന്നും 2018-19 ൽ നിർദ്ദേശിക്കേണ്ട എന്ന് കാണിച്ച് ധനകാര്യ മന്ത്രി എം.എൽ.എ മാർക്ക് കത്തയക്കേണ്ട സാഹചര്യം ഉണ്ടായത് എന്തു കൊണ്ടാണെന്ന് വ്യക്തമാക്കാമോ; | 2016-17 ലെ പുതുക്കിയ ബഡ്ജറ്റ് പ്രസംഗപ്രകാരവും 2017-18 ലെ ബഡ്ജറ്റ് പ്രസംഗപ്രകാരവും 20,000 കോടി രൂപ വീതമുള്ള മാന്ദ്യവിരുദ്ധ പാക്കേജ് ആണ് പ്രഖ്യാപിച്ചിരുന്നതെങ്കിലും ചുരുങ്ങിയ കാലയളവിനുള്ളിൽത്തന്നെ 50,000 കോടി രൂപയിൽക്കവിഞ്ഞ പദ്ധതി അടങ്കലുള്ള കിഫ്ബി പദ്ധതികൾ കിഫ്ബിയിൽ പരിഗണനയ്ക്കായി ലഭിച്ചിട്ടുണ്ട്. ഇതിൽ 18938.3 കോടി രൂപയ്ക്കുള്ള പ്രോജക്ടുകൾക്ക് അംഗീകാരം നൽകിയിട്ടുണ്ട്. 2016-17,2017-18 ബഡ്ജറ്റ് പ്രസംഗങ്ങളിൽ പ്രതിപാദിച്ച ബാക്കിയുള്ള പ്രവർത്തികൾക്ക് വിശദമായ പദ്ധതി രേഖ ലഭിക്കുന്ന മുറയ്ക്ക് കിഫ്ബി അംഗീകാരം നൽകുന്നതാണ്. ബഡ്ജറ്റുകളിൽ പ്രഖ്യാപിച്ചതും അംഗീകരിച്ചിട്ടുള്ളതുമായ പദ്ധതികൾ പൂർണ്ണമായും നടപ്പിലാക്കിയതിനു ശേഷം മാത്രമേ ഇവയ്ക്ക് പുറമെയുള്ള പദ്ധതികൾ കിഫ്ബി മുഖേന നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതുള്ളൂ എന്ന സമീപനമാണ് ഇപ്പോൾ സ്വീകരിച്ചിട്ടുള്ളത്. |
| (ബി) കിഫ്ബി അംഗീകാരം നൽകിയ പദ്ധതികളിൽ ഇതിനകം പൂർത്തിയാക്കുവാൻ കഴിഞ്ഞ പദ്ധതികൾ ഏതൊക്കെയാണെന്ന് വ്യക്തമാക്കാമോ; പത്ത് ശതമാനമെങ്കിലും പണി പൂർത്തിയായ പദ്ധതികൾ എത്രയെണ്ണമുണ്ടെന്ന് വെളിപ്പെടുത്താമോ; | അംഗീകാരം നൽകുന്ന പദ്ധതികൾക്ക് സാങ്കേതികാനുമതിയുടെ അടിസ്ഥാനത്തിൽ ടെൻഡറുകൾ ക്ഷണിക്കുകയും പദ്ധതി നടപ്പിലാക്കുകയും ചെയ്യുന്നത് ബന്ധപ്പെട്ട സ്പെഷ്യൽ പർപ്പസ് വെഹിക്കിളുകളാണ്. കിഫ്ബി അംഗീകാരം നൽകിയ പദ്ധതികളുടെ നിർമ്മാണ പ്രവർത്തനം വിവിധഘട്ടങ്ങളിലാണ്. |

| | |
|---|---|
| (സി) കിഫ്ബി പദ്ധതിയ്ക്കായി ഏതെങ്കിലും ധനകാര്യ സ്ഥാപനത്തിൽ നിന്നും ഇതിനകം വായ്പ ലഭ്യമാക്കിയിട്ടുണ്ടോ; ഉണ്ടെങ്കിൽ പ്രസ്തുത വായ്പയുടെ പലിശ നിരക്ക് എത്ര ശതമാനമാണെന്ന് വെളിപ്പെടുത്താമോ? | കിഫ്ബി പദ്ധതികളുടെ നടപ്പാക്കലിനായി 9.3% പലിശ നിരക്കിൽ 565 കോടി രൂപ നബാർഡിൽ നിന്നും വായ്പയെടുക്കുന്നതിനുള്ള അംഗീകാരം ലഭ്യമാക്കിയിട്ടുള്ളതിന്റെ അടിസ്ഥാനത്തിൽ ആദ്യ ഘട്ടമായി 100.8 കോടി രൂപ കിഫ്ബിൽ ലഭ്യമായിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ